# STD - VI

## അദ്ധ്യാപക സഹായി

## പാഠം - പന്ത്രണ്ട് അപ്പസ്തോലന്മാർ ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവത്തിനായി അയയ്ക്കപ്പെട്ടവൻ അപ്പസ്തോലൻ. ഞാൻ സ്വയം പരിത്യജിച്ച് അനുദിന കുരിശുമെടുത്ത് ഈശോയെ അനുഗമിക്കും.

### പഠനസഹായികൾ

* അന്ത്യത്താഴത്തിന്റെ ചിത്രം, കാന്തം - ഇരുമ്പ് കഷ്ണങ്ങൾ
* Video - The 12 disciples of Jesus - https://youtube.com/shorts/NSVNybevWZs?si=Ur1on5QqGEcgtP
* വചനം - ലൂക്കാ. 6:13-15

### പാഠത്തിന്റെ ഉള്ളടക്കം

* യേശു അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു
* അപ്പസ്തോലന്മാർ - യേശു അടുത്തേക്ക് വിളിച്ച് തിരഞ്ഞെടുത്ത 12 പേർ
* അപ്പസ്തോലൻ - അയയ്ക്കപ്പെട്ടവൻ
* 12 അപ്പസ്തോലന്മാർ - വീഡിയോ
* വചനം - മാർക്കോ. 8:34

### പ്രാർത്ഥന

സ്നേഹസ്വരൂപനായ ഈശോയെ, അനുദിന കുരിശുകൾ വഹിച്ചു അങ്ങയെ അനുഗമിക്കാൻ എന്നെയും അനുഗ്രഹിക്കേണമേ, ആമേൻ

### ചോദ്യങ്ങൾ

1. അപ്പസ്തോലൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
2. 12 അപ്പസ്തോലന്മാർ ആരാണ്?
3. സെബദി പുത്രന്മാർ ആരെല്ലാം?
4. ശിമയോന്റെ സഹോദരൻ ആര്?
5. ചുങ്കക്കാരനായ അപ്പസ്തോലൻ ആര്?

# STD - VI

## അദ്ധ്യാപക സഹായി

## പാഠം – പന്ത്രണ്ട് അപ്പസ്തോലന്മാർ     ഭാഗം – രണ്ട്

### ലക്ഷ്യം

അപ്പസ്തോലന്മാർ യേശുവിന് ധൈര്യസമേതം സാക്ഷ്യം നൽകി.

ജ്ഞാനസ്നാനം വഴി യേശുവിന്റെ അപ്പസ്തോല ദൗത്യത്തിൽ പങ്കുകാരായ ഞങ്ങളും യേശുവിന് ശക്തമായ സാക്ഷ്യം നൽകും. സഭാധികാരികളെ ബഹുമാനിക്കുകയും അനുസരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

### പഠനസഹായികൾ

* ചിത്രം – പെന്താക്കുസ്താദിനം, വീഡിയോ – പെന്താക്കുസ്താദിനത്തിലെ പരിശുദ്ധാത്മാവിന്റെ ആഗമനം
* വചനം – അപ്പ. 1:21–26
* Role play:
  1. പത്രോസ് മുടന്തനെ സുഖപ്പെടുത്തുന്നു (അപ്പ. 3:10)
  2. പൗലോസിന്റെ മാനസാന്തരം (അപ്പ. 9:1–19)

### പാഠത്തിന്റെ ഉള്ളടക്കം

* അപ്പസ്തോലന്മാർ ദൈവരാജ്യത്തെക്കുറിച്ച് പ്രസംഗിച്ചു, രോഗികളെ സുഖപ്പെടുത്തി, പിശാചുക്കളെ ബഹിഷ്കരിച്ചു.
* പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശിഷ്യന്മാർ വിവിധ ഭാഷകൾ സംസാരിച്ചു, യേശുവിന് ധൈര്യസമേതം സാക്ഷ്യം നൽകി.
* പെന്തക്കുസ്താദിനം – പത്രോസിന്റെ പ്രസംഗം, മൂവായിരത്തോളം പേർ മാനസാന്തരപ്പെട്ട് ജ്ഞാനസ്നാനം സ്വീകരിച്ചു.
* അന്ത്യോക്യായിൽ വെച്ച് ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടു.
* അപ്പസ്തോലന്മാരുടെ തലവൻ – പത്രോസ്
* വിജാതീയരുടെ അപ്പസ്തോലൻ – പൗലോസ്
* സഭ – അപ്പസ്തോലന്മാർ ആകുന്ന അടിസ്ഥാനത്തിൽ സ്ഥാപിതം, തലവൻ – യേശുക്രിസ്തു, നയിക്കുന്നത് – പരിശുദ്ധാത്മാവ്
* പത്രോസിന്റെ പിൻഗാമി – മാർപാപ്പ
* ജ്ഞാനസ്നാനത്തിലൂടെ നാമും അപ്പോസ്തോലിക ദൗത്യത്തിൽ പങ്കുകാർ

## പ്രാർത്ഥന

യേശുവേ, അപ്പസ്തോലന്മാരെ പോലെ ധൈര്യസമേതം അങ്ങയെ പ്രഘോഷിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ, ആമേൻ.

## ചോദ്യങ്ങൾ

1. വിജാതീയരുടെ അപ്പസ്തോലൻ ആര്?
2. സഭയുടെ തലവൻ ആര്?
3. സഭയെ നയിക്കുന്നതാര്?
4. പത്രോസിന്റെ പിൻഗാമി ആര്?
5. രക്തസാക്ഷി ആകാതെ മരണം വരിച്ച അപ്പസ്തോലൻ ആര്?